(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പ്രസക്തമല്ല.

പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരണം

18 (*450) ശ്രീ. കെ. അച്ചുതൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. എ. കെ. മണി :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ടുവോ ;

(സി) എങ്കിൽ പ്രസ്തുത കമ്മീഷൻ ജുഡീഷ്യൽ അധികാരം കൊടുക്കുവാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ രൂപീകരിക്കുവാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന കമ്മീഷന് ജുഡീഷ്യൽ അധികാരം കൊടുക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ആദിവാസി ഭവന നിർമ്മാണത്തിന് ലോകബാങ്ക് സഹായം

19 (*451) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി ലോകബാങ്കിൽ നിന്ന് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര തുക നൽകി ;

(സി) എന്തെല്ലാം വ്യവസ്ഥകളിലാണ് ഈ തുക കിട്ടുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇല്ല.

(ബി&സി) ഉദിക്കുന്നില്ല.

ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുള്ള പിന്നോക്ക സമുദായങ്ങൾ

20 (*T452) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എച്ച്. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്രീമിലെയറിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള പിന്നോക്ക സമുദായങ്ങൾ ഏതെല്ലാമാണ് ;

(ബി) ഈ സമുദായത്തിലെ അംഗങ്ങളുടെ കുടുംബവരുമാനം എത്രയായിരുന്നാലും അവർ ക്രീമിലെയറിൽപ്പെടുമോ എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സമുദായത്തിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിന് റിസർവേഷൻ ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതായ സർട്ടിഫിക്കറ്റിൽ ഏതെല്ലാം വിവരങ്ങളാണ് ഉണ്ടായിരിക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത സമുദായങ്ങളിൽപ്പെട്ടവർക്ക് ഉദ്യോഗ നിയമനത്തിൽ റിസർവേഷൻ കിട്ടുന്നതിന് ഇപ്പോൾ നല്കിവരുന്ന സർട്ടിഫിക്കറ്റിൽ എന്തെല്ലാം വിവരങ്ങളാണ് ചേർത്തുവരുന്നത് ;

(ഇ) ഇവർക്ക് നൽകുന്ന സർട്ടിഫിക്കറ്റിൽ കുടുംബ വരുമാനം രേഖപ്പെടുത്തുന്നത് എന്തിനെന്ന് വ്യക്തമാക്കാമോ ;

(എഫ്) കുടുംബ വരുമാനം നിശ്ചിത തുകയിൽ കൂടിയിരുന്നാലും ഇവർ ക്രീമിലെയറിൽപ്പെടുകയില്ല എന്ന സർട്ടിഫിക്കറ്റ് നൽകുമോ ?

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) സംസ്ഥാനത്ത് പാരമ്പര്യമായി കുലത്തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള 8 വിഭാഗങ്ങളേയും മത്സ്യബന്ധനം തൊഴിലാക്കി സ്വീകരിച്ചിട്ടുള്ള 13 ഉപജാതികളേയും ക്രീമിലെയറിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു†.

(ബി) ക്രീമിലെയറിൽപ്പെടുന്നില്ല.

---

† അനുബന്ധം I കാണുക

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly